## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.180 — 17.03.2015-ൽ മറുപടിക്ക്

### ഡോ.മീനാകുമാരി കമ്മീഷൻ റിപ്പോർട്ട്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. എസ്. ശർമ്മ<br>ശ്രീ. ബി.ഡി. ദേവസ്സി<br>ശ്രീ. കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>ശ്രീ. എ. പ്രദീപ് കുമാർ | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | ഡോ.മീനാകുമാരി കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ നടപ്പായാൽ, മത്സ്യത്തൊഴിലാളികൾ തൊഴിൽരഹിതരാകുന്ന സാഹചര്യത്തെ നേരിടാനും പരമ്പരാഗത മത്സ്യത്തൊഴിലാളികളെ പ്രസ്തുത മേഖലയിൽ നിന്നും അകറ്റുന്ന നടപടികളെ പ്രതിരോധിക്കാനും നടപടി സ്വീകരിക്കുമോ ? | (എ) | ഡോ. മീനാകുമാരി കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ നടപ്പായാൽ കേരളത്തിലെ മത്സ്യത്തൊഴിലാളികളെ അത് പ്രതികൂലമായി ബാധിക്കുമെന്ന് മനസ്സിലാക്കി ടി ശുപാർശകൾ തള്ളിക്കളയണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ കേരളത്തിൽ നിന്നുള്ള എം.പി.മാരോട് ഈ വിഷയത്തിൽ ഇടപെട്ട് മീനാകുമാരി കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കാതിരിക്കുന്നതിനു വേണ്ടി നടപടികൾ സ്വീകരിക്കുന്നതിനും അഭ്യർത്ഥിച്ചിട്ടുണ്ട്. |

(signature)
സെക്ഷൻ ഓഫീസർ